## രേഖകൾ സ്വയം സാക്ഷ്യപ്പെടുത്തൽ

സത്യവാങ്മൂലവും രേഖകളും സ്വയം സാക്ഷ്യപ്പെടുത്തുന്നതിനുള്ള അനുമതി നല്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് താഴെ കൊടുക്കുന്നു.

**കേരള സർക്കാർ**

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ്—ഭാരത സർക്കാരിന്റെ രണ്ടാമത് ഭരണ പരിഷ്ക്കാര കമ്മീഷന്റെ 12-ാമത് റിപ്പോർട്ട്—സത്യവാങ്മൂലവും രേഖകളും സ്വയം സാക്ഷ്യപ്പെടുത്തുന്നതിനുള്ള അനുമതി നൽകണമെന്ന ശുപാർശ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (എ. ആർ. 12) വകുപ്പ്

സ. ഉ. (അ) നമ്പർ 24/2014/ഉ.ഭ.പ.വ. *തിരുവനന്തപുരം, 2014 ജൂലൈ 31.*

---

പരാമർശം:—ഭാരതസർക്കാരിന്റെ ഭരണ പരിഷ്ക്കാരവും പൊതുജനപരാതിയും പെൻഷനുകളും വകുപ്പ് സെക്രട്ടറിയുടെ 24-4-2014, 2-7-2014 എന്നീ തീയതികളിലെ കെ. 11022/67/2012/എ.ആർ. നമ്പർ അർദ്ധ ഔദ്യോഗിക കത്തുകൾ.

### ഉത്തരവ്

ഭാരത സർക്കാരിന്റെ രണ്ടാമത് ഭരണ പരിഷ്ക്കാര കമ്മീഷന്റെ 12-ാമത് റിപ്പോർട്ടിൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സർട്ടിഫിക്കറ്റുകൾ സ്വയം സാക്ഷ്യപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു.

2. സർക്കാരിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷകളോടൊപ്പം നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ഒഴിവാക്കുന്നതിനും സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ സമർപ്പിക്കുന്നതിനും അനുമതി നൽകണമെന്നുമുള്ള രണ്ടാമത് ഭരണ പരിഷ്ക്കാര കമ്മീഷന്റെ ശുപാർശ നടപ്പിലാക്കാൻവേണ്ട നടപടി സ്വീകരിക്കണമെന്ന് പരാമർശിത കത്തുപ്രകാരം ഭാരതസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.